## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 181*</u> — <u>29.6.2007 ൽ മറുപടിക്ക്</u>

## മരാമത്തു വകുപ്പിന്റെ കീഴിലുള്ള പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ :<br>ശ്രീമതി ഇ. എസ്. ബിജി മോൾ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. എ. കെ. ചന്ദ്രൻ : | ഷെവ. ടി. യു. കുരുവിള<br>(ബഹു: മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടക്കുന്ന പണികൾ പൂർത്തിയാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ കാലതാമസം എന്തുകൊണ്ടാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) നിർമ്മാണ സമയത്ത് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതയില്ലായ്മ, ഇതര വകുപ്പുകളുടെ കേബിളുകളും മറ്റു സാധന സാമഗ്രികളും നീക്കം ചെയ്യാത്തതുമൂലം ഉണ്ടാകുന്ന തടസ്സങ്ങൾ, നിർമ്മാണത്തിനിടയ്ക്ക് വേണ്ടിവരുന്ന സാങ്കേതികമായ മാറ്റങ്ങൾ, കരാറുകാരുമായുണ്ടാകുന്ന തർക്കങ്ങൾ, കാലാവസ്ഥയിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന വ്യതിയാനം, ആവശ്യത്തിനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തത് എന്നീ കാരണങ്ങൾ കൊണ്ട് പണികൾ യഥാസമയം പൂർത്തിയാക്കുവാൻ കഴിയാതെ വരുന്നുണ്ട്. |
| (സി) മരാമത്തു വകുപ്പിന്റെ കീഴിൽ വരുന്ന പണികൾ സമയബന്ധിതമായി ചെയ്തു തീർക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ ; | (സി) നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ഡി) കേബിൾ, പൈപ്പ് ലൈനുകൾ എന്നിവയ്ക്കുവേണ്ടി റോഡുകൾ കുഴിക്കുന്നതുമൂലം റോഡിനുണ്ടാകുന്ന കേടുപാടുകൾ തീർക്കുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേബിൾ, പൈപ്പ് ലൈനുകൾ എന്നിവയ്ക്കായി കുഴിക്കുന്നത് മൂലം ഉണ്ടാകുന്ന കേടുപാടുകൾ പൊതുമരാമത്ത് ഡെപ്പോസിറ്റ് തുകയിൽ നിന്നും ടെണ്ടർ വിളിച്ച് ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 182 — 29.06.2007 ൽ മറുപടിക്ക്.

## അഗ്നിശമനസേനയുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) അഗ്നിശമന സേന പോലീസ് സേനയുടെ ഭാഗമാണോ ; | : (എ) അല്ല. |

(Cntd ....2/-)

| | |
|---|---|
| (ബി) എങ്കിൽ പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി അഗ്നിശമന സേനയ്ക്ക് എന്തെല്ലാം നവീകരണങ്ങൾ നടത്തി ;<br><br>(സി) അതിന്റെ ഫലമായി എന്തെല്ലാം അത്യാധുനിക ഉപകരണങ്ങൾ അഗ്നിശമന സേനയ്ക്ക് നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ? | 1962 വരെ അഗ്നിശമന സേന പോലീസ് സേനയുടെ ഭാഗമായിരുന്നു. 1962-ലെ ഫയർ ഫോഴ്സ് ആക്ട് പ്രകാരം അഗ്നിശമന സേനയെ പോലീസ് സേനയിൽ നിന്നും വേർപെടുത്തി പ്രത്യേക വകുപ്പായി രൂപീകരിച്ചു. 1962 മുതൽ 2002 വരെയുള്ള കാലയളവിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ ഈ വകുപ്പിൽ നടത്തിയിട്ടുണ്ട്. 2002-2003 മുതൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി വാട്ടർ ടെണ്ടർ, എമർജൻസി ടെണ്ടർ, ക്രാഷ് ടെണ്ടർ, വാട്ടർ ലോറി, ആംബുലൻസ്, ജീപ്പ്, സ്ട്രൈക്കർ വാൻ, മിനിബസ് ഉൾപ്പെടെ 216 വാഹനങ്ങളും, ഒരു ലൈഫ് ഡിറ്റക്ടർ, 10 സെറ്റ് ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, 4 യൂണിറ്റ് ഫയർ ലിഫ്റ്റിംഗ് ബാഗുകൾ, 35 ചെയിൻസോ കൾ |

(Contd.....3/-)

40 അലുമിനിയം സ്യൂട്ടുകൾ, 40 പ്രോക്സിമിറ്റി സ്യൂട്ടുകൾ, 67 ടൂൾ കിറ്റുകൾ, 27 ഫ്ലോട്ട് പമ്പുകൾ 19 പോർട്ടബിൾ പമ്പുകൾ, 2 ഫ്ലോട്ടിങ് പമ്പുകൾ, 20 സെറ്റ് ബ്രീത്തിംഗ് അപ്പാരറ്റസ് ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 183 — 29.6.2007 ൽ മറുപടിക്ക്

## കാഷ്യൂ സ്പെഷ്യൽ ആഫീസിന്റെ ചുമതലകൾ

| ചോദ്യം: | മറുപടി |
|---|---|
| ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) കശുവണ്ടി വ്യവസായ വികസനത്തിനായി കൊല്ലത്ത് പ്രവർത്തനം ആരംഭിച്ച കാഷ്യൂസ്പെഷ്യൽ ആഫീസിന്റെ ചുമതലകൾ എന്തെല്ലാമാണ് ; | എ) കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക, നിയമപരമായ അവകാശങ്ങൾ തൊഴിലാളികൾക്കു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കുക, കശുമാവുകൃഷി വികസിപ്പിക്കുകയും തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക,**K.S.C.D.C.Ltd.**, **Capex** എന്നിവയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക, ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പു മുഖാന്തിരം എൻഫോഴ്സ്മെന്റ് നടപടികൾ കൈക്കൊള്ളുക എന്നീ ചുമതലകളാണ് കാഷ്യൂ സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുള്ളത്. |
| ബി) കാഷ്യൂ സ്പെഷ്യൽ ആഫീസർ ഇതിനകം എന്തെല്ലാം ശുപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ട്; | ബി) അനധികൃത കശുവണ്ടി സംസ്ക്കരണം തടയുന്നതിന് അനധികൃത ഫാക്ടറികൾ പരിശോധിക്കുന്ന ഇൻസ്പെക്ടർമാർക്കും കാഷ്യൂ സ്പെഷ്യൽ ആഫീസർക്കും കൂടുതൽ അധികാരം നൽകും വിധം "1967ലെ അൺരജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്ട്" ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും, കശുവണ്ടി മേഖല യിലെ കുടിവറുപ്പ് തടയുന്നതിനും മറ്റ് എൻഫോഴ്സ്മെന്റ് ജോലികൾക്കുമായി അത്യാവശ്യമായി വരുന്ന സൗകര്യങ്ങൾ ഉണ്ടാക്കണമെന്നും കാഷ്യൂ സ്പെഷ്യൽ ഓഫീസർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട് . |
| സി) കശുവണ്ടി മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | സി) സംസ്ഥാനത്ത് കശുമാവ്കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി കാഷ്യൂസ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ "കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ |

...2

ഓഫ് കാഷ്യൂ കൾട്ടിവേഷൻ " രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി ഓർഗാനിക് കാഷ്യൂ കൾട്ടിവേഷനും Rawnut ബാങ്കും സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന് 2006-07 സാമ്പത്തിക വർഷം ബാങ്ക് ബാദ്ധ്യത തീർക്കുന്നതിന് 22.32കോടി രൂപയും പ്രവർത്തനമൂലധന മായി 11 കോടി രൂപയും നൽകിയിട്ടുണ്ട്.

2007-08 സാമ്പത്തിക വർഷത്തേക്ക് ബാങ്ക് വായ്പയുടെ ഗഡു അടയ്ക്കുന്നതിന് വേണ്ടി 30കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. കശുവണ്ടിവ്യവസായത്തിൻെറയും കശുമാവ് കൃഷിയുടെയും വികസനത്തിന് വേണ്ടി 8 കോടി രൂപയും വകയിരു ത്തിയിട്ടുണ്ട്. KSCDC യിൽ വിവിധ തലങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1400 പേർക്ക് പുതുതായി നിയമനം നൽകി. തൊഴിലാളി കളുടെ മിനിമം കൂലി 2007 ജനുവരി 1 മുതൽ പുതുക്കി നിശ്ചയിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| ഡി) കശുമാവ് കൃഷി വ്യാപിപ്പി ക്കുന്നതിനായി പദ്ധതി ആവിഷ്ക്ക രിച്ചിട്ടുണ്ടോ;എങ്കിൽ അവ വിശദമാ ക്കുമോ? | ഡി) ഉണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കു ന്നതിനായി 11-ാം പദ്ധതിയിൽ 5 വർഷം കൊണ്ട് നടപ്പിലാക്കുന്നതിനായി 191 കോടി രൂപയുടെ പ്രോജക്റ്റ് കേന്ദ്രസർക്കാരിൻെറ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കൊല്ലത്ത് "കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടി വേഷൻ" എന്ന ഏജൻസി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

Vivekanand

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.184 | 29.06.2007-ൽ മറുപടിക്ക്

## ഒഡെപെക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

**ചോദ്യം**

ശ്രീ.എം.പ്രകാശൻ മാസ്റ്റർ, എം.എൽ.എ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ, എം.എൽ.എ
ശ്രീ.മഞ്ഞളാംകുഴി അലി, എം.എൽ.എ
ശ്രീ.മുരളി പെരുനെല്ലി, എം.എൽ.എ
ശ്രീ.എ.പ്രദീപ് കുമാർ, എം.എൽ.എ

**ഉത്തരം**

ശ്രീ.പി.കെ ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

എ) ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

എ) ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അതുവഴി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടി ഡൽഹിയിലുള്ള വിദേശ രാജ്യങ്ങളുടെ എംബസികൾ സന്ദർശിച്ച് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ചർച്ചകൾ നടത്തുകയും വിശദമായ കത്തു നൽകുകയും ഒ.ഡി.ഇ.പി.സി. യുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് അതാതു രാജ്യങ്ങളിലെ തൊഴിൽ ദാതാക്കളെ ഉപദേശിക്കുവാൻ അഭ്യർത്ഥിക്കുകയുമുണ്ടായി. കേന്ദ്ര വിദേശകാര്യ സഹമന്ത്രിക്കും ഇപ്രകാരമൊരു നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ വിദേശത്തുള്ള ഇന്ത്യൻ എംബസികൾക്ക് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനെക്കുറിച്ച് വിശദമായ ഫാക്സ് സന്ദേശങ്ങൾ അയച്ചിട്ടുണ്ട്. മാലി സർക്കാരിന്റെ തിരുവനന്തപുരത്തുള്ള കോൺസുലേറ്റ് സന്ദർശിച്ച് ചർച്ച ചെയ്യുകയും അതിന്റെ ഫലമായി മാലി സർക്കാരിന്റെ ആരോഗ്യമന്ത്രാലയത്തിൽ ഡോക്ടർമാരെയും നഴ്സുമാരെയും ഒ.ഡി.ഇ.പി.സി. വഴി അയയ്ക്കുവാനും സാധിക്കുകയുമുണ്ടായി. സൗദി അറേബ്യ

യിൽ നിന്നുള്ള ഒരു സംഘം കേരളം സന്ദർശിച്ച് കൊച്ചിയിൽ വച്ച് അവരുടെ ആരോഗ്യവകുപ്പിലേയ്ക്ക് ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, മറ്റു പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ തിരഞ്ഞെടുക്കുവാൻ വിപുലമായ ഇന്റർവ്യൂ നടത്തുന്നതിനും ഒ.ഡി.പി.സി. യുടെ ശ്രമഫലമായി സാധിച്ചിട്ടുണ്ട്.

ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഒഡെപെക് വഴി എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കിയെന്ന് അറിയിക്കുമോ; വിദേശ തൊഴിൽ ലഭ്യത മുൻനിർത്തി ഉദ്യോഗാർത്ഥികൾക്കായി എന്തെങ്കിലും പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 359 പേർക്ക് ഒഡെപെക് വഴി വിദേശത്ത് തൊഴിൽ ലഭിക്കുകയുണ്ടായി. മാലി ദ്വീപ് സർക്കാരിന്റെ ആരോഗ്യമന്ത്രാലയത്തിൽ തൊഴിൽ ലഭ്യമായ നഴ്സുമാർക്ക് പ്രി-ഡിപ്പാർച്ചർ ഓറിയന്റേഷൻ ട്രെയിനിംഗ് നൽകുകയുണ്ടായി.

സി) കൂടുതൽ ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യാൻ കഴിയും വിധം ഇതിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സി) കൂടുതൽ ഉദ്യോഗാർത്ഥികളെ മറ്റു വിദേശരാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട് ചെയ്യുവാൻ കഴിയും വിധം ഒ.ഡി.ഇ.പി.സി യുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ–185** 29/6/2007–ൽ മറുപടിക്ക്

### സെൻട്രൽ ജയിലുകളുടെ സുരക്ഷ

**ചോദ്യം** **ഉത്തരം**

ശ്രീ. വി. ചെന്താമരാക്ഷൻ : ശ്രീ.കോടിയേരി ബാലകൃഷ്ണൻ:

ശ്രീമതി. കെ.കെ.ലതിക: (ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

ശ്രീ.എം.ജെ. ജേക്കബ്:

ശ്രീ.അൽഫോൺസ് കണ്ണന്താനം:

ശ്രീ. കെ.വി.കുഞ്ഞിരാമൻ:

| | |
|---|---|
| (എ). ജയിലുകളിലേക്ക് ലഹരി മരുന്നും മദ്യവും മറ്റും കടത്തുന്നതു സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ). തിരുവനന്തപുരം സെൻട്രൽ ജയിലിൽ ലഹരിമരുന്നുമായി ബന്ധപ്പെട്ട് നാല് സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി). ജയിൽ ഉദ്യോഗസ്ഥരുടെ ഒത്താശയോടെയാണ് ഇവ കടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി). ഒരു സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. |
| (സി). ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (സി). മൂന്ന് സെൻട്രൽ ജയിലുകളിലെയും (കണ്ണൂർ, വിയ്യൂർ, തിരുവനന്തപുരം) മെയിൻ ഗേറ്റുകളിൽ തടവുകാരെ പരിശോധിക്കുന്നതിനായി പോലീസിനെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. |
| (ഡി). സെൻട്രൽ ജയിലുകളുടെ സുരക്ഷാ നിയന്ത്രണം സായുധ പോലീസിനെ ഏല്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ നടപടി സ്വീകരിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ? | (ഡി). ബഹു. കേരള ഹൈക്കോടതിയുടെ 6/11/2006 ലെ WPC 16081/06 നമ്പറിലുള്ള വിധിയുടെ അടിസ്ഥാനത്തിലാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ.

അനുബന്ധം

1. 18/12/2006 ൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഇന്റർവ്യൂ ഹാളിൽ വിചാരണത്തടവുകാരുമായി സംസാരിച്ചു നിൽക്കവെ ഒരു സ് ട്രോ നിറയെ കഞ്ചാവ് എന്ന് തോന്നിപ്പിക്കുന്ന സാധനം ഷാജി എന്നയാൾ യു.റ്റി 1063 കൃഷ്ണൻ എന്ന പ്രതിക്കു കൈമാറുവാൻ ശ്രമിക്കവെ ഡ്യൂട്ടി വാർഡർ കൈയ്യോടെ പിടികൂടിയതു പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നടപടികൾ സ്വീകരിക്കുവാൻ പൂജപ്പുര പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.
2. 6.4.2007 ൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഒന്നാം ബ്ലോക്കിൽ ജയിൽ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ചെറിയ നാല് പൊതി കഞ്ചാവ് പിടിച്ചെടുക്കുകയും നിയമ നടപടികൾ സ്വീകരിക്കുന്നതിനായി പൂജപ്പുര പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് നൽകുകയും ചെയ്തു.
3. 16.4.2007 ൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ 12-ാം ബ്ലോക്ക് അന്തേവാസി 1376 ബിനുവിന്റെ കിടക്കയിൽനിന്നും വിക്സ് ഡെപ്പിയിൽ കഞ്ചാവ് എന്ന് തോന്നിപ്പിക്കുന്ന സാധനം കണ്ടെടുക്കുകയും നിയമനടപടികൾക്കായി പൂജപ്പുര പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.
4. 13/6/2007 ൽ തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിൽ ബഹു: ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്) ന്റെ നിർദ്ദേശപ്രകാരം നടത്തിയ മിന്നൽ പരിശോധനകളിൽ കുറഞ്ഞ അളവിൽ കഞ്ചാവ്, പുകയില (മധു, ഹാൻസ് തുടങ്ങിയവ) കണ്ടെടുക്കുകയും ആയവ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 186 — 29-6-2007 ൽ മറുപടിയ്ക്ക്

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽസ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പ്രദീപ് കുമാർ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. കെ.വി. അബ്ദുൾഖാദർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര മേഖലയിൽ ഗുണനിലവാരമുള്ള മനുഷ്യശേഷി വികസനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽസ് സ്റ്റഡീസി ' ന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | ബി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽസ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ സർക്കാർ താഴെപറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. കൂടുതൽ വൈവിധ്യമാർന്ന കോഴ്സുകൾ ആസൂത്രണം ചെയ്തുവരുന്നു.<br>2. കിറ്റ്സിന്റെ ആലപ്പുഴ, തലശ്ശേരി പഠനകേന്ദ്രങ്ങളിൽ ടൂറിസത്തിന്റെ വികസനലക്ഷ്യങ്ങൾക്കനുസൃതമായ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.<br>3. ടൂറിസം മേഖലയിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാർക്ക് തങ്ങളുടെ കഴിവുകൾ കാലാനുസൃതമായി വികസിപ്പിക്കുവാൻ ഉതകുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതാണ്.<br>4. കിറ്റ്സ് കേന്ദ്രീകരിച്ച് ടൂറിസംമേഖലയിലെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും സൗകര്യം മെച്ചപ്പെടുത്തുന്നതാണ്. |

| | |
|---|---|
| സി) സ്വകാര്യ സ്ഥാപനങ്ങൾ ടൂറിസം രംഗത്ത് നടത്തിവരുന്ന കോഴ്സുകളെ നിയന്ത്രിക്കാൻ തയ്യാറാവുമോ; | സി) സ്വകാര്യ സ്ഥാപനങ്ങൾ ടൂറിസം രംഗത്ത് നടത്തിവരുന്ന കോഴ്സുകളെ ഗുണപരമായി നിയന്ത്രിക്കുവാൻ സഹായിക്കുന്ന "Board of Tourism Studies" രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) ഈ രംഗത്ത് ഗുണനിലവാരമുള്ള സ്ഥാപനങ്ങൾ വളർന്നു വരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഡി) ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ടൂറിസം രംഗത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങൾക്ക് ഉന്നത ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Sarasmathi

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 187 — 29-6-2007 - ൽ മറുപടിയ്ക്ക്

നെൽകൃഷി മേഖലകളുടെ പ്രഖ്യാപനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. ഇ. എസ്. ബിജി മോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ എൻ. അനിരുദ്ധൻ<br>ശ്രീ. എൻ. രാജൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നെൽകൃഷി വ്യാപകമായിട്ടുള്ള പ്രദേശങ്ങളെ നെൽകൃഷി മേഖലകളായി പ്രഖ്യാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; | എ) നെൽകൃഷിക്ക് പ്രകൃത്യാതന്നെ സാധ്യതയുള്ളതും നെൽകൃഷി വ്യാപകമായിട്ടുള്ള ജില്ലകളുമായ ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിലെ നെൽകൃഷി മേഖലകളെ നെൽകൃഷി സംരക്ഷിതമേഖലകളായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നു. |
| ബി) ഇത്തരത്തിൽ പ്രഖ്യാപിക്കുന്നതുകൊണ്ട് നെൽകർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) നെൽകൃഷി സംരക്ഷിതമേഖലയായി പ്രഖ്യാപിക്കുന്നതുകൊണ്ട് നെൽകർഷകർക്കുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സ്ഥായിയായി നെൽകൃഷി നിലനിർത്തുന്നതിന് പ്രോത്സാഹനം ലഭിക്കുന്നു.<br>2. സർക്കാരിൽനിന്നുള്ള എല്ലാ കോംപ്ലിമെന്ററി ധനസഹായം കിട്ടുന്നു |

3. നെൽപ്പാടം മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് നിരുത്സാഹപ്പെടുത്തുന്നു.

4. നെൽകർഷകരുടെ കൂട്ടായ്മ ഉറപ്പു വരുത്തി ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തുന്നു.

5. വിപണന സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നു.

6. നെൽകൃഷി മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നു.

7. പരിസ്ഥിതി സംതുലനം നിലനിർത്തുന്നതിന് സഹായിക്കുന്നു.

(സി) നെൽകൃഷി നേരിടുന്ന പ്രതിസന്ധി ചർച്ച ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെ. പി. മോഹനൻ

[illegible]

നിലവിൽ നെൽകർഷകർ നേരിടുന്ന പ്രധാന പ്രതിസന്ധികൾ കൃഷിച്ചെലവിന് അനുസൃതമായി വരുമാനം ലഭ്യമാകാതിരിക്കൽ, കർഷക തൊഴിലാളികളുടെ ദൗർലഭ്യം ഉയർന്ന .................. കൂലിച്ചെലവും, വ്യാപകമായ തോതിലുള്ള നിലം നികത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകളുടെ അഭാവം, കുറഞ്ഞ നിരക്കിൽ [illegible] ലഭ്യമാകാതിരിക്കൽ, നെല്ലിന് ഉയർന്ന നിരക്കിൽ സംഭരണ വില ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയാണ്.

മേൽപ്പറഞ്ഞ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി സർക്കാർ "കേരളശ്രീ" എന്ന പരിപാടിയിലുൾപ്പെടുത്തി താഴെ പറയുന്ന നൂതന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

1. ഭക്ഷ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷി മേഖലയിലെ കർഷകർക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിനായി 5 കോടി രൂപയുടെ ധനസഹായം നൽകൽ- നെൽകൃഷി മേഖലയിലെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനായി മൂന്നാം വിളയായി പയർവർഗ്ഗവിളകൾ, എള്ള്, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ, നിലക്കടല എന്നിവ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 2500 രൂപ നിരക്കിൽ 10,000 ഹെക്ടർ പ്രദേശത്തിന് 250 ലക്ഷം രൂപ ധനസഹായം നൽകുവാൻ പദ്ധതി ആവിഷ്കരിച്ചുവരുന്നു. കൂടാതെ ഇരിപ്പൂടൊപ്പം മൂന്നാംവിളയായി കൃഷി ചെയ്യുന്ന വിളകളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ചെറിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി യൂണിറ്റിന് 25000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായി 150 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

2. കർഷകത്തൊഴിലാളികൾക്ക് ആധുനിക യന്ത്രവൽക്കരണത്തിൽ പരിശീലനം നൽകുന്നതിനും കർഷകത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആധുനിക കാർഷിക യന്ത്രങ്ങൾ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി 100.00 ലക്ഷം രൂപയും ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നു.

3. വ്യാപകമായ തോതിലുള്ള നിലം നികത്തൽ തടയുന്നതിനായി നെൽകൃഷി സംരക്ഷണ മേഖലകളായി പ്രഖ്യാപിക്കൽ, നെൽകൃഷി വികസന ബോർഡ് സ്ഥാപിക്കൽ, നിലംനികത്തൽ നിയമം ശക്തിപ്പെടുത്തൽ എന്നീ നടപടികൾ സർക്കാർ തലത്തിൽ പരിഗണിച്ചു വരുന്നു.

4. ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ എന്നീ പ്രധാന നെല്ലുൽപ്പാദക മേഖലയിലെ നെൽകർഷകർക്ക് കുറഞ്ഞ നിരക്കിൽ പലിശരഹിത വായ്പ നൽകുന്നതിനായി ഈ സാമ്പത്തിക വർഷം ബജറ്റിൽ 10 കോടി രൂപ "വായ്പാ സഹായം" എന്ന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 1500 രൂപ നിരക്കിൽ ധനസഹായം, തരിശായി കിടക്കുന്ന നെൽപ്പാടങ്ങളിൽ വീണ്ടും കൃഷിയിറക്കുന്നതിന് സഹായം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങളുടെ ഉൽപ്പാദനക്ഷമത- ഉൽപ്പാദനവും വിതരണവും സംയോജിത കീട നിയന്ത്രണം, ഉൽപ്പാദന ബോണസ്, സൗജന്യ വൈദ്യുതി എന്നിവയും നടപ്പിലാക്കുന്നതാണ്. ഇതിനുപുറമെ കിലോഗ്രാമിന് 4.50 രൂപ നിരക്കിൽ നെല്ല് കർഷകരിൽ നിന്നും സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 188 — 29-6-2007 - ൽ മറുപടിക്ക്

## കോൾ നിലങ്ങളിലെ ജൈവവൈവിദ്ധ്യം നിലനിർത്തുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. കെ. രാജു | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നെൽകൃഷി ചെയ്തതിനുശേഷം കോൾ-പ്പാടങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നതിന് നിലമൊരുക്കുവാൻ രാസ പ്രയോഗം നടത്തുമ്പോൾ കോൾഭൂമിയിലെ സ്വാഭാവിക ജീവജാലങ്ങൾ നശിച്ചുപോകുന്നതിനെക്കുറിച്ച് കൃഷി വകുപ്പ് ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | എ) ഇല്ല |
| ബി) കോൾ നിലങ്ങളിലെ വരാൽ, പോട, പരൽ തുടങ്ങിയ നാടൻ മത്സ്യ സമ്പത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) നാടൻ മത്സ്യ/മറ്റ് ജൈവ സമ്പത്തിന് ഹാനികരമായ തരത്തിലുള്ള പരിപാലന മുറകൾ മത്സ്യ/കൊഞ്ച് കൃഷി നടത്തുമ്പോൾ കോൾ നിലങ്ങളിൽ അവലംബിക്കുന്നില്ല. അതിനാൽ മത്സ്യകൃഷി കാരണം കോൾ നിലങ്ങളിലെ നാടൻ മത്സ്യ സമ്പത്തിന് നാശം സംഭവിക്കുന്നില്ല. |
| സി) ഇവിടെ ജൈവവൈവിദ്ധ്യം നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ? | സി) കോൾ നിലങ്ങളിലെ നെൽകൃഷിക്കു ശേഷമുള്ള കാലയളവിൽ ഇടവിളയായി മത്സ്യ/ആറ്റുകൊഞ്ച് കൃഷി നടത്തുമ്പോൾ രാസവസ്തുക്കൾ പ്രയോഗിക്കാതെ ജൈവകൃഷി രീതിക്കാണ് |

പ്രാമുഖ്യം നൽകുന്നത്. അതുവഴി ജൈവ വൈവിധ്യം നിലനിർത്താൻ സാധ്യമാകുന്നതാണ്. ജൈവകൃഷി രീതി അവലംബിച്ചാണ് കോൾ നിലങ്ങളിൽ മത്സ്യഫെഡ്/അഡാക്ക് മുഖാന്തിരം മത്സ്യകൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 189 — 29-6-2007 - ൽ മറുപടിയ്ക്ക്

## കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠിക്കുവാൻ സമിതി

**ചോദ്യം**

ശ്രീ. കെ. സി. വേണുഗോപാൽ
ശ്രീ. എം. മുരളി
ശ്രീ. ജി. കാർത്തികേയൻ

***മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) പ്രതിസന്ധി നേരിടുന്ന കൃഷികളുടെ പരിരക്ഷയ്ക്കായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശമുണ്ടോ;

എ) 2007-08 ൽ കാർഷികമേഖലയുടെ പരിരക്ഷയ്ക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

1. ഹരിതശ്രീ
2. കേരളശ്രീ
3. കേരശ്രീ
4. കിസ്സാൻശ്രീ

ബി) ഇല്ലാത്തപക്ഷം ഇത്തരം കൃഷികൾക്ക് ഏതുവിധത്തിലുള്ള പരിരക്ഷ നൽകിയാലാണ് കൃഷിക്കും കർഷകനും പുരോഗതിയുണ്ടാക്കുവാൻ കഴിയുക എന്നതിനെപ്പറ്റി പഠിച്ച് റിപ്പോർട്ടു ചെയ്യുവാൻ കാർഷിക വിദഗ്ദ്ധരും കൃഷിക്കാരുമടങ്ങിയ ഒരു സമിതിയെ നിയോഗിക്കുമോ?

ബി) പ്രതിസന്ധികൾ തരണം ചെയ്യാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 190* — 29.6.2007 ൽ മറുപടിക്ക്

## റോഡ് നിർമ്മാണത്തിനും സംരക്ഷണത്തിനുമുള്ള ബഡ്ജറ്റ് വിഹിതം

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

**ഉത്തരം**

ഷെവ. ടി. യു. കുരുവിള
(ബഹു: മരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ റോഡുകളുടെ സംരക്ഷണത്തിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും മുൻ വർഷങ്ങളെ അപേക്ഷിച്ച് ബജറ്റ് വിഹിതത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും സംസ്ഥാന പദ്ധതി വിഹിതത്തിന്റെ അനുപാതം കണക്കിലെടുത്തുമാണ് ; ബഡ്ജറ്റിൽ തുക വക കൊള്ളിക്കുന്നത്. ബഡ്ജറ്റ് വിഹിതത്തിൽ കുറവു വരാനുള്ള കാരണം സാമ്പത്തിക വിഹിതത്തിലും പദ്ധതി വിഹിതത്തിലുമുള്ള കുറവാണ്.

(ബി) ഭരണാനുമതി ലഭിച്ച റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഏകദേശം എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു ;

(ബി) ഭരണാനുമതി ലഭിച്ച റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ചുവടെ പറയുന്ന വിധത്തിൽ ചെലവ് പ്രതീക്ഷിക്കുന്നു.

| | പദ്ധതി പ്രവൃത്തികൾ | പദ്ധതി ഇതര പ്രവൃത്തികൾ |
|---|---|---|
| 2005-06 വരെ | 471.00 കോടി | ---- |
| 2006-07 ,, | 90.00 കോടി | 340.00 കോടി |
| 2007-08 ,, | 22.79 കോടി | 318.00 കോടി |

(സി) ഇതിനായി പണം കണ്ടെത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

(സി) **Additional Authorisation, Supplimentary Demand for Grant** മുതലായവ വഴിയാണ് പണം കണ്ടെത്തുന്നത്.

(ഒപ്പ്)

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ * 191.

29/6/2007-ൽ മറുപടിയ്ക്ക്

## ഇ.എസ്.ഐ.ആശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ :<br>ശ്രീ. എ.എം.യൂസഫ് :<br>ശ്രീ. വി.എൻ.വാസവൻ :<br>ശ്രീ. വി.ശിവൻകുട്ടി :<br>ശ്രീ. കെ.കെ.ദിവാകരൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഇ.എസ്.ഐ.ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ.എസ്.ഐ. കോർപ്പറേഷൻ അനുവദിച്ച 80.33 ലക്ഷം രൂപ ഉപയോഗിച്ച് 12 ഇ.എസ്.ഐ. ആശുപത്രികളിലേയും കേടായ ആശുപത്രി ഫർണിച്ചർ, കട്ടിൽ, ഡ്രിപ്പ് സ്റ്റാന്റ്, സ്റ്റൂൾ, എക്സാമിനേഷൻ കോട്ട്, ഫുഡ് ട്രോളി, മെഡിസിൻ ട്രോളി, ബെഡ് സൈഡ് ലോക്കർ, സ്ട്രെച്ചർ ട്രോളി, കിടക്ക, തലയണ, ബെഡ് ഷീറ്റ്, പില്ലോ കവർ, കർട്ടൻ തുടങ്ങിയവ മാറ്റി പുതിയത് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. 12 ആശുപത്രി കെട്ടിടങ്ങളുടേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇ.എസ്.ഐ.കോർപ്പറേഷൻ സമയബന്ധിതമായി നടപ്പാക്കുന്നതാണ്. |
| (ബി) ഇ.എസ്.ഐ.ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് | (ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ.സ്ഥാപനങ്ങൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി) പുതുതായി ഏതെല്ലാം മേഖലകളിലെ തൊഴിലാളികളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു ; ഇതിനായുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ;

(സി) സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരേയും, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരേയും ഇ.എസ്.ഐ. നിയമപരിധിയിൽ കൊണ്ടുവരുന്നതിനായുള്ള ഇൻറൻഷൻ നോട്ടിഫിക്കേഷൻ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇതോടെ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) വിദഗ്ദ്ധ ചികിത്സയ്ക്ക് മറ്റ് ആശുപത്രികളെ ആശ്രയിക്കുന്നവർക്ക് റീ ഇംബേഴ്സ്മെൻറ് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 192 — 29-6-2007 - ൽ മറുപടിക്ക്

## നാളികേര മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. സി. കെ. സദാശിവൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ വ്യക്തമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരോൽപന്നങ്ങളുടെ തുടർച്ചയായ വിലയിടിവ്, വില കുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി, പ്രായാധിക്യവും ഉൽപാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകളുടെ ബാഹുല്യം, ചെറുകിടനാമമാത്ര തെങ്ങിൻ പുരയിടങ്ങൾ, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള വിമുഖത എന്നിവയാണ് നാളികേര മേഖല പ്രധാനമായും നേരിടുന്ന പ്രതിസന്ധികൾ. |
| ബി) നാളികേരത്തിന് താങ്ങുവില നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) കൊപ്രയ്ക്കു മാത്രമാണ് ഇപ്പോൾ താങ്ങു വിലയുള്ളത്. പച്ച നാളികേരത്തിനു കൂടി ഇത് ബാധകമാക്കുവാൻ കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. |

| | |
|---|---|
| സി) കേരാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | സി) കേരാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വായ്പയും കേരാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യവും ഏർപ്പെടുത്തുന്നതിനും ആരോഗ്യ പാനീയമായ നീരയുടെ പ്രചാരണം ശക്തിപ്പെടുത്തുന്നതിനും വേണ്ട പരിപാടികൾ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷത്തിൽ ഒരു സമഗ്ര തെങ്ങുവികസന പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) നാളികേര വികസന ബോർഡിന്റെ പദ്ധതികൾ സംസ്ഥാന സർക്കാരുമായി ആലോചിച്ച് നടപ്പിലാക്കുവാൻ ആവശ്യപ്പെടുമോ; | ഡി) നാളികേര വികസന ബോർഡിന്റെ പ്രധാന പദ്ധതികളെല്ലാം തന്നെ സംസ്ഥാന കൃഷിവകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. |
| ഇ) നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ഇ) ഉണ്ട്.<br>കേരകൃഷിയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>കേരകൃഷി ലാഭകരമാക്കുന്നതിന് സംസ്ഥാന സർക്കാർ "കേരശ്രീ" എന്ന സമഗ്ര നാളികേര വികസന പദ്ധതി ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തെങ്ങിൻതോട്ടങ്ങളിലെ മെച്ചപ്പെട്ട പരിപാലനം, ഇടവിളകൃഷി, |

സമ്മിശ്രകൃഷി, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ജൈവവള വിത്തുകളുടെ വിതരണം, നല്ലയിനം തെങ്ങിൻതൈകൾ നടീൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ കേരഗ്രൂപ്പുകൾ രൂപീകരിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. "നീര"യുടെ പ്രചാരണത്തിനായും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 1120 ലക്ഷം രൂപയാണ് നാളികേര വികസനത്തിനായി സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

2007-08 വർഷത്തിൽ നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ കേരകൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. നാളികേര വികസന ബോർഡിന്റെ പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുക, ജൈവവള ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കൽ, സങ്കരയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 193

29.06.2007-ൽ മറുപടിയ്ക്ക്

## ജൈവഗ്രാമങ്ങൾ ആരംഭിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഒരു ജൈവകൃഷി നയം പ്രഖ്യാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;<br>ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) & (ബി)<br>ജൈവ കൃഷിനയം രൂപീകരിച്ച് പ്രഖ്യാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. |
| സി) സംസ്ഥാനത്ത് ജൈവഗ്രാമങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം ആരംഭിക്കുമെന്നും ഈ ഗ്രാമങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | സി) സംസ്ഥാനത്ത് ജൈവഗ്രാമങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ജൈവ കൃഷിനയ രൂപീകരണത്തിന് ശേഷം തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.*194

29.06.2007-ൽ മറുപടിയ്ക്ക്.

## തോട്ടം മേഖലയുടെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീ. പി.കൃഷ്ണപ്രസാദ് :
ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീ.വി.ജെ.തങ്കപ്പൻ :
ശ്രീ.കെ.കെ.ജയചന്ദ്രൻ :
ശ്രീ.കെ.സി.കുഞ്ഞിരാമൻ :

**മറുപടി**

ശ്രീ.പി.കെ.ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) അടഞ്ഞ് കിടന്നിരുന്ന തേയില തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തെന്നു വ്യക്തമാക്കുമോ ;

എ) അടഞ്ഞുകിടന്നിരുന്ന തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. തോട്ടം നികുതിയും കാർഷികാദായ നികുതിയും ഒഴിവാക്കിക്കൊടുത്തു.
2. തേയില ഫാക്ടറികൾക്കുള്ള വൈദ്യുതിയുടെ മിനിമം ഡിമാൻറ് ചാർജ്ജസ് ഒഴിവാക്കി, ഉപയോഗിച്ച വൈദ്യുതിയ്ക്കു മാത്രം ചാർജ്ജ് ഈടാക്കാനും തീരുമാനിച്ചു.
3. ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി തോട്ടം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചർച്ചകളുടെ അടിസ്ഥാനത്തിൽ പൂട്ടിക്കിടന്ന 5 തോട്ടങ്ങൾ തുറക്കുകയും 4 തോട്ടങ്ങൾ തുറക്കാൻ ധാരണയാവുകയും ചെയ്തു.

(ബി) തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനായി കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ?

(ബി) തോട്ടം മേഖലയുടെ പുനരദ്ധാരണത്തിനായി 1677.7 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ ഏറ്റെടുത്തുതുറന്ന്പ്രവർത്തിപ്പിക്കുന്നതിനുള്ള 419.25 കോടി രൂപയുടെ പദ്ധതിയും ഉൾപ്പെടുന്നു. ഈ പദ്ധതി അംഗീകരിക്കുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനുമായി നിരവധി തവണ കേന്ദ്ര വാണിജ്യമന്ത്രാലയവുമായി ചർച്ച നടത്തുകയുണ്ടായി. തോട്ടം മേഖലയുടെ പുനരുദ്ധാരണ പദ്ധതി ഇപ്പോൾ കേന്ദ്ര പ്ലാനിംഗ്കമ്മീഷൻെറ പരിഗണനയിലാണെന്നാണ് അറിയാൻ കഴിഞ്ഞത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 195</u> <u>29/06/2007 -ന് മറുപടിക്ക്</u>

## ട്രേഡ് യൂണിയനുകളുടെ ബാഹുല്യം

**ചോദ്യം**

ശ്രീ.എം.എം. മോനായി
ശ്രീ. എ.എം. യൂസഫ്
ശ്രീ. എം. ചന്ദ്രൻ
ശ്രീ. ബി. രാഘവൻ

**ഉത്തരം**

ശ്രീ.പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) വ്യവസായ തൊഴിൽ ശാലകളിലെ ട്രേഡ് യൂണിയനുകളുടെബാഹുല്യം തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് തടസ്സമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്

(ബി) ഹിതപരിശോധനയിലൂടെ അംഗീകൃത യൂണിയനുകളെ നിശ്ചയിക്കുന്ന രീതി എത്രെല്ലാം സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ;

(ബി) 17 സ്ഥാപനങ്ങൾ ഹിത പരിശോധനയിലൂടെ അംഗീകൃത ട്രേഡ് യൂണിയനുകളെ നിശ്ചയിക്കുന്നതിനായി തൊഴിൽ വകുപ്പിനെ സമീപിക്കുകയും തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംവിധാനം സജ്ജീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധമായിചേർത്തിട്ടുണ്ട്.

(സി) മറ്റു വ്യവസായ തൊഴിൽ സ്ഥാപനങ്ങളിൽ ഈ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ചും വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്നവയിൽ ഹിത പരിശോധന നടത്തിപ്പിനുവേണ്ടി തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ട്രേഡ്‌യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി ട്രേഡ് യൂണിയൻ റെക്കഗ്നീഷൻ ബിൽ തയ്യാറാക്കിയത് നിയമ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. മലബാർ സിമന്റ്സിന്റെ വാളയാർ, ചേർത്തല യൂണിറ്റുകൾ
2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ
3. ബിനാനിസിംഗ് ലിമിറ്റഡ്, ആലുവ
4. കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡവലപ്മെന്റ് കോർപ്പറേഷൻ
5. ടെൽക്, അങ്കമാലി
6. കേരള ലക്ഷ്മി മിൽസ്, പുല്ലാഴി, തൃശ്ശൂർ
7. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, തിരുവനന്തപുരം
8. സീതാറാം ടെക്സ്റ്റൈൽസ്, തൃശ്ശൂർ
9. സിഡ്കോ. തിരുവനന്തപുരം
10. ഹാൻടെക്സ്, തിരുവനന്തപുരം
11. വിജയമോഹിനി മിൽസ്, തിരുവനന്തപുരം
12. കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കുണ്ടറ
13. പാർവ്വതി മിൽസ്, കൊല്ലം
14. ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്
15. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ
16. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ
17. ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 196 — 29.06.2007 ൽ മറുപടിക്ക്.

## കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. വി. എൻ. വാസവൻ<br>ശ്രീ. കെ. ടി. ജലീൽ<br>പ്രൊഫ : സി. രവീന്ദ്രനാഥ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും<br>വകുപ്പ് മന്ത്രി) |
| (എ) കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | : (എ) കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ 22.02.2005 ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 445/05/ആഭ്യന്തരം ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പരിശോധനാഫലങ്ങൾ കുറ്റമറ്റതാക്കുന്നതിന് ആധുനിക യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | : (ബി) പരിശോധനാ ഫലങ്ങൾ കുറ്റമറ്റരീതിയിൽ നൽകുന്നതിനുള്ള അത്യാവശ്യമുള്ള ഉപകരണങ്ങൾ ഇപ്പോൾത്തന്നെ കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയിൽ ഉണ്ട്. കൂടുതൽ ആധുനിക ഉപകരണങ്ങൾ സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ വാങ്ങിക്കുന്നതിന് നടപടികൾ നിലവിലുണ്ട്. |

(സി) പരിശോധനാ രേഖകളിലും രജിസ്റ്ററുകളിലും ബന്ധപ്പെട്ട എക്സാമിനർമാർ സ്വാധീനത്തിനു വഴങ്ങി തിരുത്തലുകൾ വരുത്തിയിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

: (സി) ഉണ്ട്.

(ഡി) എങ്കിൽ രേഖകളിൽ തിരുത്തലുകൾ വരുത്തുമ്പോൾ ബന്ധപ്പെട്ട മേലധികാരി സാക്ഷ്യപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുമോ ?

: (ഡി) രാസ പരിശോധനാ വേളയിൽ രജിസ്റ്ററുകളിലും ബന്ധപ്പെട്ട രേഖകളിലും തിരുത്തലുകൾ വേണ്ടി വരുമ്പോൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കെമിക്കൽ ലാബോറട്ടറി മാനുവൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 197

29.06.2007-ൽ മറുപടിക്ക്

## തെങ്ങുകയറ്റത്തിനുള്ള യന്ത്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആവശ്യത്തിന് തെങ്ങുകയറ്റ തൊഴിലാളികൾ ഇല്ലാത്തതിനാൽ കേരകർഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഈ കുറവ് പരിഹരിക്കുന്നതിനായി തെങ്ങുകയറുന്നതിനുള്ള യന്ത്രങ്ങൾ സാർവ്വത്രികമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | ബി) ഉണ്ട്. |
| സി) തെങ്ങുകയറ്റത്തിനുള്ള യന്ത്രം എവിടെയെങ്കിലും വിജയകരമായി പരീക്ഷണം നടത്തിയിട്ടുണ്ടോ; | സി) ഉണ്ട്. എല്ലാ ജില്ലകളിലും ഈ യന്ത്രം വിജയകരമായി പ്രവർത്തിപ്പിച്ചുവരുന്നു. |
| ഡി) എങ്കിൽ ഇതിന് പ്രചാരം നൽകുന്നതിന് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ; | ഡി) ഇതിന് പ്രചാരം നൽകുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും ഇതിന്റെ വിതരണവും പ്രവർത്തന വ്യാപരീകരണവും നടത്തുന്നുണ്ട്. 2500-ഓളം യന്ത്രങ്ങൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. |
| ഇ) ഈ യന്ത്രം ആദായകരമായ വിധത്തിൽ കേരകർഷകർക്ക് പ്രയോജനപ്പെടുത്താൻ നടപടിയെടുക്കുമോ? | ഇ) ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട്ടുള്ള ശ്രീ. ജോയി വർഗ്ഗീസ് എന്നയാൾ രൂപകൽപ്പനചെയ്തു വികസിപ്പിച്ച |

യന്ത്രം പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് കൃഷി വകുപ്പ് മുഖേന കർഷകർക്ക് വിതരണം ചെയ്യാൻ അനുവദിക്കുകയും ഈ യന്ത്രം ആദായകരമായ വിധത്തിൽ കർഷകർക്ക് സബ്സിഡിയോടുകൂടി വിതരണം നടത്തി വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : T 198*  29.6.2007 ൽ മറുപടിക്ക്

**തിരുവനന്തപുരം നഗരത്തിന്റെ വെള്ളക്കെട്ട് തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ.വി.ജെ. തങ്കപ്പൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി.ജെ. അരുന്ധതി | ഷെവ. ടി.യു.കുരുവിള<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നഗരത്തിലെ കിഴക്കേകോട്ട, തമ്പാനൂർ ഭാഗങ്ങളിൽ മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ടിന് ഇതുവരെ പരിഹാരമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| ബി) ഇതിനായി മുൻസർക്കാരിന്റെ കാലത്ത് എന്തെല്ലാം പണികൾ ചെയ്തു; | (ബി) തിരുവനന്തപുരം നഗരത്തിലെ തമ്പാനൂർ, കിഴക്കേകോട്ട പ്രദേശങ്ങളിൽ ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് പവ്വർഹൗസ് റോഡിൽ ഒരു കലുങ്ക് നിർമ്മിക്കുകയും പഴവങ്ങാടി തകരപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ തോടിന്റെ പാർശ്വഭിത്തി ഉയർത്തി പുതിയ സ്ലാബ് ഇട്ട് ഗതാഗത യോഗ്യമാക്കുകയും തോടിന്റെ അടഞ്ഞു കിടക്കുന്ന ഭാഗം വൃത്തിയാക്കുകയും വെള്ളത്തിന് തടസ്സമുണ്ടാകുന്നരീതിയിൽ നിലനിന്ന പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തമ്പാനൂർ മുതൽ കണ്ണമ്മൂല വരെയുള്ള തോട്ടിൽ അടിഞ്ഞുകൂടിയിരുന്ന ഖര മാലിന്യങ്ങൾ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ |

VERNMENT OF KERALA

കോർപ്പറേഷൻ മുഖേന മാറ്റുകയും ഇവ കൂടാതെ പൊതുമരാമത്തു വകുപ്പിന്റെ നാഷണൽ ഹൈവേ വിഭാഗം തമ്പാനൂർ ഒരു കലുങ്ക് പുതുക്കി പണിയുകയും ചെയ്തിട്ടുണ്ട്.

(സി) ഓരോ പണിക്കും എന്ത് തുക വീതം ചെലവായി; ഈ പണികൾ ചെയ്തിട്ടും ഉദ്ദേശിച്ച ഫലം ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മേൽ വിവരിച്ച പ്രവൃത്തികൾക്ക് ചിലവായ തുക താഴെപറയും പ്രകാരമാണ്.

1) പവർ ഹൗസ് കലുങ്ക് പുനർ നിർമ്മാണം - 75 ലക്ഷം രൂപ
2) പഴവങ്ങാടി തകരപ്പറമ്പ് കലുങ്കുകളുടെ ഉയർത്തികെട്ടൽ - 77 ലക്ഷം രൂപ
3) കെ.ആർ.എഫ്.ബിയുടെ മേൽനോട്ടത്തിൽ പഴവങ്ങാടി, തകരപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ചെയ്ത പ്രവൃത്തികൾക്ക് ചിലവായ തുക

(എ) ഖരമാലിന്യങ്ങൾ നീക്കം ചെയ്തത് - 1,91,05,982/- രൂപ

(ബി) പൈപ്പുകൾ മാറ്റി സ്ഥാപിച്ചത് - 22,58,000/- രൂപ

(സി) ഓട ഉയർത്തി പുതിയ സ്ലാബ് സ്ഥാപിച്ചത് - 76,21,553/- രൂപ

മേൽ വിവരിച്ച പ്രവൃത്തികളിലൂടെ കലുങ്കുകൾക്ക് ഇടയിലുള്ള തടസ്സങ്ങൾ നീക്കി ജലത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും തകരപ്പറമ്പ് മുതൽ ഉപ്പിടാമൂട് വരെയുള്ള തോട്ടിലെ തടസ്സങ്ങൾ ജലമൊഴുക്കിനെ തടഞ്ഞ് വെള്ളപൊക്കമുണ്ടാക്കുന്നതായി കാണുന്നു. ഇവിടെ തോട്ടിനു കുറുകെ സ്ഥാപിച്ചിട്ടുള്ള

ERNMENT OF KERALA

| | |
|---|---|
| | ജലവിതരണ കുഴലുകൾ, കാൽ നടയാത്രക്കാർക്കു വേണ്ടിയുള്ള പാലം, തോട്ടിൽ വളർന്നു പന്തലിച്ചു കിടക്കുന്ന വൃക്ഷലതാദികൾ എന്നിവ ജലമൊഴുക്കിനെ തടസ്സപ്പെടുത്തുന്നതു കാരണം കൃത്രിമമായി വെള്ളപ്പൊക്കം ഉണ്ടാവുന്നതായി കാണുന്നു. പഴവങ്ങാടി കിഴക്കേകോട്ട ഭാഗങ്ങളിലെ ഉപരിതലനിരപ്പ് ആമയിഴഞ്ചാൻ തോടിന്റെ വെള്ളപൊക്ക നിരപ്പിനെക്കാൾ താഴ്ന്ന നിലയിലായതും വെള്ളപൊക്കത്തിന് ഒരു കാരണമാണ്. |
| ഡി) വെള്ളക്കെട്ട് തടയുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) പ്രസ്തുത വെള്ളക്കെട്ടു തടയുന്നതിനായി പഴവങ്ങാടി കിഴക്കേകോട്ട ഭാഗങ്ങളിൽ ശേഖരിക്കുന്ന വെള്ളം ആമയിഴഞ്ചാൻ തോടിലേക്ക് ഒഴുക്കി കളയാൻ നിർവ്വാഹമില്ല. ആയതിനാൽ ഇവിടെ ശേഖരിക്കുന്ന വെള്ളം തെക്കിനിക്കര കനാലിലേക്ക്കൂടി ഒഴുക്കുന്നതിലേക്കായി ഓട പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 199 — 29.6.2007-ൽ മറുപടിയ്ക്ക്

അടയ്ക്കാ കർഷകരുടെ ആവശ്യങ്ങൾ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ടി. അഹമ്മദ് അലി: | ശ്രീ മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| (എ) വിലയിടിവുമൂലം കഷ്ടതയിൽ കഴിയുന്ന അടയ്ക്കാ കർഷകരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചി ട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി)ഇത് സംബന്ധമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നും എന്തെല്ലാമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) കേരളത്തിലെ അടയ്ക്കാ കർഷകർ നിരവധി പ്രശ്നങ്ങൾ മൂലം ദുരിതം അനുഭവിക്കുന്നുണ്ട്. മഞ്ഞളിപ്പ് രോഗം, മഹാളി രോഗം തുടങ്ങിയ രോഗങ്ങൾ മൂലം ഉല്പാദനവും ഉല്പാദനക്ഷമതയും കുറഞ്ഞുവരുന്നു. മഞ്ഞളിപ്പ് രോഗം മൂലം ദുരിതം അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനു വേണ്ടി 49.555 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും 11 കോടി രൂപ ഹോർട്ടികൾച്ചർ മിഷൻ വഴി പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയും ചെയ്തു. |

| | |
|---|---|
| (സി) അടയ്ക്കക്ക് കിലോഗ്രാമിന് 100 രൂപ താങ്ങുവില നിശ്ച യിക്കുവാൻ നടപടി സ്വീകരി ക്കുമോ? | (സി) അടയ്ക്കയുടെ വിലയിടിവ് രൂക്ഷമാകുന്ന സാഹചര്യത്തിൽ താങ്ങുവില നിശ്ചയിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണി ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 200 — 29.06.2007 ൽ മറുപടിക്ക്.

## കമ്മ്യൂണിറ്റി പോലീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കമ്മ്യൂണിറ്റി പോലീസ് സംവിധാനം കാര്യക്ഷമമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;<br><br>(ബി) ഈ സംവിധാനത്തിന് എന്തെല്ലാം പോരായ്മകളാണ് ഉള്ളത് ;<br><br>(സി) ഈ പോരായ്മകൾ എപ്രകാരം പരിഹരിക്കാനുദ്ദേശിക്കുന്നു ;<br><br>(ഡി) ഈ സംവിധാനം ഏർപ്പെടുത്തിയതുമൂലം കുറ്റകൃത്യങ്ങൾ തടയുന്നതിനും പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ ? | : (എ), (ബി), (സി) & (ഡി)<br>കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി സംസ്ഥാനത്ത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ പൊതുജന പങ്കാളിത്തത്തോടെ മൈത്രി സുരക്ഷാ പദ്ധതി പരീക്ഷണാർത്ഥം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആഗസ്റ്റ് മാസത്തോടെ ഈ പദ്ധതി സംസ്ഥാനത്ത് എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ആദ്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 201

29.06.2007-ൽ മറുപടിയ്ക്ക്

## കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. പി.എം.എ. സലാം | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്ത് ജില്ലാതല കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 18.9.2006-ന് പുറപ്പെടുവിച്ച ഉത്തരവ് പരിഷ്ക്കരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത ഉത്തരവ് നിയമസഭയിൽ പ്രാതിനിധ്യമുള്ള പാർട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് അപര്യാപ്തമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) 15.5.2007 ലെ സ.ഉ.(കൈയ്യെഴുത്ത്) നം.77/07/കൃഷി എന്ന പുതുക്കിയ ഉത്തരവ് പ്രകാരം നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഓരോ പ്രതിനിധിയെ പഞ്ചായത്തുതല കാർഷിക വികസന സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) മുഴുവൻ പ്രാതിനിധ്യവും ഉറപ്പുവരുത്തുംവിധമുള്ള സമിതികളാണ് കാർഷിക മേഖലയെ സംരക്ഷിക്കുവാൻ ആവശ്യമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അപ്രകാരം ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായവിധം നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളെയും ദേശീയ കക്ഷികളെയും ഉൾക്കൊള്ളിച്ച് പഞ്ചായത്ത്/ജില്ലാതല കാർഷിക വികസന സമിതികൾ പുന: സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഓരോ പ്രതിനിധിയെ ഉൾപ്പെടുത്തി പഞ്ചായത്തുതല കാർഷിക വികസന സമിതികൾ പുന: സംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 202

29.6.2007-ൽ മറുപടിയ്ക്ക്

മണ്ഡരി രോഗം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. എഫ്.തോമസ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ:<br>പ്രൊഫ. എൻ. ജയരാജ് : | ശ്രീ മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പുമന്ത്രി) |
| (എ) തെങ്ങിന്റെ മണ്ഡരി രോഗത്തിന് മരുന്നു തളിക്കുന്ന പദ്ധതി ഈ വർഷം സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; | (എ) ഇല്ല |
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 203.

29.6.2007-ൽ മറുപടിയ്ക്ക്

## കാർഷികോല്പന്നങ്ങൾക്ക് തറവില.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. അച്ചുതൻ | ശ്രീ മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പ് മന്ത്രി) |
| (എ) നിലവിൽ ഏതെല്ലാം കാർഷികോല്പന്നങ്ങൾക്ക് തറവില നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കാർഷികോല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. നിലവിൽ 27 ഇനം കാർഷികോല്പന്നങ്ങൾക്കാണ് കേന്ദ്ര സർക്കാർ തറവില നിശ്ചയിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കൊപ്ര, നെല്ല് എന്നിവയ്ക്കാണ് തറവില നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) തറവില നിശ്ചയിക്കുന്ന കാര്യത്തിൽ കൃഷിച്ചെലവ് കണക്കിലെടുക്കാറുണ്ടോ;<br><br>(സി)കൃഷിച്ചെലവ് കണക്കിലെടുത്ത് കാർഷികോല്പന്നങ്ങളുടെ തറവില നിശ്ചയിക്കുവാൻവേണ്ട വ്യവസ്ഥ ഉണ്ടാക്കുമോ; | (ബി) യും (സി)യും<br><br>കാർഷികോല്പന്നങ്ങളുടെ തറവില നിശ്ചയിക്കുന്ന പ്രക്രിയയിലെ അവിഭാജ്യഘടകമാണ് ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനച്ചെലവ്/ കൃഷിച്ചെലവ് എന്നതിനാൽ തറവില നിശ്ചയിക്കുമ്പോൾ കാർഷിക വില നിർണ്ണയ കമ്മീഷൻ കൃഷിച്ചെലവ് കണക്കിലെടുക്കാറുണ്ട്. |

---

| | |
|---|---|
| (ഡി) തറവില നിശ്ചയിക്കാത്ത മറ്റ് കാർഷികോല്പന്നങ്ങൾക്കു കൂടി കൃഷിച്ചെലവ് കണക്കിലെടുത്ത് തറവില നിശ്ചയിക്കുമോ? | (ഡി) കേരളത്തിൽ കൃഷി ചെയ്യുന്ന പ്രധാന നാണ്യവിളകൾക്കുകൂടി തറവില നിശ്ചയിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കാവുന്നതാണ്. മുൻ എൽ.ഡി.എഫ്. സർക്കാർ ഈ കാര്യത്തിൽ ചില നടപടികൾ കൈക്കൊണ്ടിരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ–204 29/6/2007–ൽ മറുപടിയ്ക്ക്.

## തടവുകാർക്ക് ശിക്ഷ ഇളവ്

ചോദ്യം | ഉത്തരം

ശ്രീ . അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ.പി.കെ.അബ്ദുറബ്ബ്:

ശ്രീ.കോടിയേരി ബാലകൃഷ്ണൻ:
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തടവുകാർക്ക് ശിക്ഷയിൽ ഇളവു നൽകി; | (എ). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 1500 തടവുകാർക്ക് ശിക്ഷ ഇളവ് നൽകിയിട്ടുണ്ട്. കേരളപ്പിറവി സുവർണ്ണജൂബിലിയോടനുബന്ധിച്ച് സർക്കാർ അനുവദിച്ച സ്പെഷ്യൽ റെമിഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാകുന്നതേയുള്ളൂ. |
| (ബി). ഏതെല്ലാം കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്കാണ് ശിക്ഷാ ഇളവ് നൽകിയത്; | (ബി). ഐ . പി.സി. 379, 454,380, 225 (ബി), 326, 457, 380, 304, 328, 273, 201, 450, 395, 397, 461, 392, 34, 84, 461, 380, 539, 302, 143, 147, 341 എന്നീ വകുപ്പുകൾ പ്രകാരവും 56 (എ) അബ്കാരി ആക്ട് 135 (1) (2) കസ്റ്റംസ് ആക്ട് എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെട്ട തടവുകാർക്കാണ് ശിക്ഷ ഇളവ് നൽകിയിട്ടുള്ളത്. |
| (സി). രാഷ്ട്രീയക്കാർക്കും നൽകിയ ശിക്ഷാ ഇളവും അവരുടെ ശിക്ഷാ കാലാവധിയും വെളിപ്പെടുത്തുമോ; | (സി). തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശ്വാസകോശാർബുദം ബാധിച്ച് ഗുരുതരാവസ്ഥയിൽ ചികിത്സയിൽ കഴിഞ്ഞ ജീവപര്യന്തം തടവ് ശിക്ഷ അനുഭവിച്ചിരുന്ന ഒരു തടവുകാരന് കെ.പി.ആർ. 539 റൂൾ പ്രകാരം സർക്കാർ ശിക്ഷ ഇളവ് ചെയ്ത് നൽകി വിടുതൽ ചെയ്തു. ജയിൽ ഉപദേശക സമിതിയുടെ ശുപാർശപ്രകാരം നെയ്യാറ്റിൻകര വനിതാജയിലിലെ ശിക്ഷാ നമ്പർ 226 അന്നമ്മ എന്ന പ്രതിയെയും നെട്ടുകാൽത്തേരി തുറന്ന ജയിലിലെ സി.നമ്പർ 1894 കുട്ടപ്പൻ, സി.നമ്പർ 2016 രാമു, |

| | |
|---|---|
| | സി.നംപർ 2162 ജോസ് എന്നിവരെയും വിട്ടയച്ചിട്ടുണ്ട്. കൂടാതെ കേരളപ്പിറവി സുവർണ്ണ ജൂബിലിയുടെ ഭാഗമായി 8/6/2007 ലെ ജി.ഒ (എം.എസ്) 127/2007/ആഭ്യന്തരം ഉത്തരവ് പ്രകാരം തടവുകാർക്ക് സ്പെഷ്യൽ റെമിഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ശിക്ഷ ഇളവ് ലഭിച്ചവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. |
| (ഡി). ഇളവ് ലഭിക്കാൻ അർഹത ഇല്ലാത്ത തടവുകാർക്ക് ശിക്ഷ ഇളവു നൽകിയിട്ടുണ്ടോ; | (ഡി). ഇല്ല. |
| (ഇ). എങ്കിൽ ആർക്കെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ). ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

കേരളാ ജയിൽ ചട്ടങ്ങൾ അധ്യായം 18,22 എന്നിവ പ്രകാരം തടവുകാർക്ക് സാധാരണ നൽകി വരുന്ന ഇളവുകൾക്കു് പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളപ്പിറവി സുവർണ്ണ ജൂബിലിയുടെ ഭാഗമായി 8.6.07 ലെ ജി.ഒ(എം.എസ്സ്) 127/ 2007/ ആഭ്യന്തരം ഉത്തരവ് പ്രകാരം തടവുകർക്ക് സ്പെഷ്യൽ റെമിഷൻ അനുവദിച്ചുത്തരവായി. ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉദ്ദേശ്യം 600 തടവുകാർക്ക് ആനുകൂല്യം ലഭിക്കുന്നതാണ്. ഹ്രസ്വകാല തടവുകാർക്ക് ഒരു മാസം മുതൽ 5 മാസം വരെ ഇളവും 10 വർഷത്തിലധികം ശിക്ഷയുള്ള തടവുകാർക്ക് 6 മാസത്തെ ശിക്ഷയിളവും ജീവപര്യന്തം തടവു ശിക്ഷ അനുഭവിക്കുന്ന 500 ഓളം പേർക്ക് 2 വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

കേരളപ്പിറവി സുവർണ്ണ ജൂബിലിയുടെ ഭാഗമായി ഇളവ് ലഭിച്ചപ്പോൾ ജയിൽ മോചിതരായ തടവുകാരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

സി) സെൻട്രൽ ജയിൽ, വിയ്യൂർ

| ക്രമ നം: | വിട്ടയച്ച തടവുകാരുടെ പേരും നമ്പരും | ശിക്ഷാ കാലാവധി | ലഭിച്ച ശിക്ഷായിളവ് |
|---|---|---|---|
| 1. | 5389 നീലകണ്ഠൻ അർജ്ജുനൻ | 3 വർഷം, പിഴ 6000 രൂപ ഒരു മാസം 15 ദിവസം | 4മാസം |
| 2. | 5408 അജിത് അച്ചുതൻ | 1 വർഷം 5 മാസം | 2 മാസം |
| 3. | 5110 കരിമ്പൻ കുപ്പൻ | 1 വർഷം പിഴ 25000 രൂപ 6 മാസം | 2 മാസം |
| 4. | 4895 ഷാജി ദേവസി | 3 വർഷം കഠിന തടവും 3000 രൂപ പിഴയും | 4 മാസം |
| 5. | 5414 അബ്ദുൾ ലത്തീഫ് കുഞ്ഞാലൻ കുട്ടി | ഒന്നര വർഷം 15000 രൂപ പിഴ 6 മാസം വെറും തടവ്(പിഴ അടച്ചു) | 3 മാസം |
| 6. | 5955 മണികണ്ഠൻ രാജാമണി | 2 വർഷം 4000 രൂപ പിഴ 6 മാസം ശിക്ഷ | 3 മാസം |
| 7. | 2272 റാഫേൽ ആന്റണി | 10 വർഷം | 5 മാസം |
| 8. | 3348 ജോജോ ആന്റണി | 9 വർഷം | 5 മാസം |
| 9. | 4560 ഹരിഹരൻ പുരുഷോത്തമൻ | 9 വർഷം | 5 മാസം |
| 10. | 5551 ശശിധരൻ മണികണ്ഠൻ | 5വർഷം ശിക്ഷ, പിഴ 5000 രൂപ 6 മാസം | 4 മാസം |
| 11. | 5378 ജയപ്രകാശൻ കുഞ്ഞൻ | 2 വർഷം | 3 മാസം |
| 12. | 4787 റഹീം അട്ട റഹിം ഹുസൈൻ ബാവ | 3 വർഷം | 4 മാസം |
| 13. | 5432 പ്രതീഷ് സതീശൻ ബാലൻ | 4 വർഷം | 4 മാസം |
| 14. | 3344 കുര്യാക്കോസ് പൈലി | 8 വർഷം | 5 മാസം |

സെൻട്രൽ ജയിൽ,തിരുവനന്തപുരം

| | | | |
|---|---|---|---|
| 1. | 959 വിജീഷ് | 7 മാസം | 6 ദിവസം |
| 2. | 1086 മുഹമ്മദലി | 3 മാസം | 23 ദിവസം |
| 3. | 77 സത്യനേശൻ | 9 മാസം | 4 ദിവസം |
| 4. | 238 സുരേഷ് | 10 മാസം | 15 ദിവസം |
| 5. | 6235 സോളമൻ | 2 വർഷം 5 മാസം | 12 ദിവസം |

സെൻട്രൽ ജയിൽ കണ്ണൂർ

| | | | |
|---|---|---|---|
| 1. | 2324 സുശീല | 5 വർഷം | 3 മാസം 5 ദിവസം |
| 2. | 765 മൊയ്തീൻ | 5 വർഷം | 3 മാസം 27 ദിവസം |
| 3. | 279 രവീന്ദ്രൻ | 7 വർഷം | 4 മാസം 5 ദിവസം |
| 4. | 2047 സബീര് | 3 വർഷം | 29 ദിവസം |
| 5. | 2695 ബിജു | 7 വർഷം | 3 മാസം 29 ദിവസം |
| 6. | 1027 മൊയ്തീൻ | 5 വർഷം | 12 ദിവസം |
| 7. | 740 ശിവമണി | 5 വർഷം | 1 മാസം 26 ദിവസം |
| 8. | 3920 ജോസ് | 1 വർഷം പിഴ ഒരു ലക്ഷം രൂപപിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം തടവ് | 1 മാസം 16 ദിവസം |
| 9. | 3947 വെളുക്കൻ | 2 വർഷം പിഴ ഒരു ലക്ഷം രൂപ പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം തടവ് | 2 മാസം 15 ദിവസം |
| 10. | 1853 വിഷ്ണു നാരായണൻ നമ്പൂതിരി | 1)6 മാസം തടവും 118000 രൂപ കോമ്പൻസേഷൻ അല്ലെങ്കിൽ 3 മാസം തടവ്<br><br>2)വർഷം വെറും തടവും പിഴ 50000 രൂപ, പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം തടവ് | 14 ദിവസം |
| 11. | 3955 നാസർ | 3 വർഷം 2000 രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം തടവ് | 1 മാസം 17 ദിവസം |
| 12. | 3961 താത്തൻ | 1 വർഷം, ഒരു ലക്ഷം രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 3 മാസം തടവ് | 1 മാസവും 15 ദിവസവും |
| 13. | 3968 അബുബേക്കർ | 2 വർഷം തടവ് 1000 രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 1 മാസം തടവ് | 2 മാസവും 13 ദിവസം |

| | | | |
|---|---|---|---|
| 14. | 4014 ഷൺമുഖൻ | ഒന്നര വർഷം തടവ് | 2 മാസവും 2 ദിവസം |
| 15. | 4040 ചന്ദ്രൻ | 1 വർഷം ഒരു ലക്ഷം രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 4മാസം തടവ് | 1 മാസവും 3 ദിവസവും |
| 14. | 4014 ഷൺമുഖൻ | ഒന്നര വർഷം തടവ് | 2 മാസവും 2 ദിവസം |
| 15. | 4040 ചന്ദ്രൻ | 1 വർഷം ഒരു ലക്ഷം രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 4മാസം തടവ് | 1 മാസവും 3 ദിവസവും |
| 14. | 4014 ഷൺമുഖൻ | ഒന്നര വർഷം തടവ് | 2 മാസവും 2 ദിവസം |
| 15. | 4040 ചന്ദ്രൻ | 1 വർഷം ഒരു ലക്ഷം രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 4മാസം തടവ് | 1 മാസവും 3 ദിവസവും |

| | | | |
|---|---|---|---|
| 16. | 3404 സെൽവൻ | 2 വർഷം തടവ് 5000 രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം തടവ് | 19 ദിവസം |
| 17. | 3548 ദാസൻ | 2 വർഷം തടവ് പിഴ ഒരു ലക്ഷം രൂപ പിഴ അടച്ചില്ലെങ്കിൽ 6 മാസം തടവ് | 1 ദിവസം |
| 16. | 3404 സെൽവൻ | 2 വർഷം തടവ് 5000 രൂപ പിഴ, പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം തടവ് | 19 ദിവസം |
| 17. | 3548 ദാസൻ | 2 വർഷം തടവ് പിഴ ഒരു ലക്ഷം രൂപ പിഴ അടച്ചില്ലെങ്കിൽ 6 മാസം തടവ് | 1 ദിവസം |

| | | | |
|---|---|---|---|
| 18. | 3602 മൻമഥൻ | രണ്ടര വർഷം തടവ് | 1 മാസവും 3 ദിവസം |
| 19. | 3606 ബാബു | 1 വർഷവും, പിഴ ഒരു ലക്ഷം രൂപ പിഴ അടച്ചില്ലെങ്കിൽ 6 മാസം തടവ് | 2 മാസം |
| 20. | 3647 ഭാസ്കരൻ | 1 വർഷവും പിഴ ഒരു ലക്ഷം രൂപ പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം തടവ് | 1 മാസം 15 ദിവസം |

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.205 | 29.6.2007 ൽ മറുപടിയ്ക്ക്

## 'കേരഫെഡ്' ഉൽപ്പന്നങ്ങളുടെ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.കെ.വി.തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) 'കേരഫെഡ്' ഉൽപ്പന്നങ്ങളുടെ വിതരണം റിലയൻസിനെ ഏൽപ്പിച്ചിട്ടുണ്ടോ; | എ) ഇല്ല. |
| ബി) എങ്കിൽ വിതരണം സംബന്ധിച്ച് എന്തൊക്കെ നിബന്ധനകളാണുള്ളത്; | ബി & സി) ബാധകമല്ല. |
| സി) റിലയൻസുമായി ഉണ്ടാക്കിയിട്ടുള്ള ധാരണ കേരളത്തിലെ ചെറുകിട കച്ചവടക്കാരേയും വിതരണക്കാരേയും ദോഷകരമായി ബാധിക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം : 206 — 29.06.2007 ൽ മറുപടിക്ക്.

## പോലീസ് സേനയെ നവീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. പി. കുഞ്ഞുണ്ണി<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. പി. വിശ്വൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പോലീസ് സേനയെ നവീകരിക്കാനും കാര്യക്ഷമമാക്കാനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 34 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കി. 112 പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള പാറാവ് സമ്പ്രദായം നിർത്തലാക്കി സ്റ്റേഷൻ സെക്യൂരിറ്റി ഓഫീസർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.<br><br>പോലീസ് ട്രെയിനിംഗിന്റെ സിലബസ് നവീകരിക്കുകയും കമ്പ്യൂട്ടർ, ഡ്രൈവിംഗ്, സ്വിമ്മിംഗ്, വയർലെസ്സ് കമ്മ്യൂണിക്കേഷൻ മുതലായ സംഗതികൾ ഉൾപ്പെടുത്തിയ പുതിയ ട്രെയിനിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ കേരളാ പോലീസ് അക്കാദമി |

പണിയുകയും ആധുനിക രീതിയിലുള്ള ട്രെയിനിംഗ് നൽകുകയും ചെയ്തുവരുന്നു. ശാസ്ത്രീയ കുറ്റാന്വേഷണം പഠിപ്പിക്കുവാനുള്ള റീജിയണൽ ഫോറൻസിക് സയൻസ് ലാബോറട്ടറി പൂർത്തീകരിക്കുകയും ആ രീതിയിലുള്ള ട്രെയിനിംഗ് സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

പോലീസ് സേനയെ നവീകരിക്കുന്നതിനു കാര്യക്ഷമമാക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി മോഡണൈസേഷൻ ഓഫ് സ്റ്റേറ്റ് പോലീസ് ഫോഴ്സ് എന്ന പദ്ധതി 2000-01 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) ജനകീയ പോലീസ് സമ്പ്രദായം വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

: (ബി) ജനകീയ പോലീസ് പദ്ധതിയിലൂടെ നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ സംബന്ധിച്ചുള്ള റിപ്പോർട്ട് ആവശ്യമായ ഭേദഗതികൾ വരുത്തി ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനകം തന്നെ കേരള സംസ്ഥാനത്ത് പോലീസ് സേനയെ കൂടുതൽ ജനങ്ങളുമായി സഹകരിപ്പിച്ച് പ്രവർത്തിക്കുന്നതിനുള്ള നിരവധി പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. മൈത്രി

| | |
|---|---|
| | എന്ന പദ്ധതി പ്രകാരം ജനപ്രതിനിധികള്‍, സന്നദ്ധ സംഘടനാ പ്രവര്‍ത്തകര്‍, ട്രേഡ് യൂണിയന്‍ നേതാക്കള്‍, എന്‍.ജി.ഒ.കള്‍ തുടങ്ങിയ വനിതാ പ്രാതിനിധ്യം ഉറപ്പാക്കിയുള്ള സമിതികള്‍ പോലീസുമായി സഹകരിച്ച് പ്രവര്‍ത്തിച്ചുവരുന്നു. |
| (സി) പോലീസ് സ്റ്റേഷനുകളിലെ പാറാവു സമ്പ്രദായം എത്ര സ്റ്റേഷനുകളില്‍ നിറുത്തലാക്കിയിട്ടുണ്ട് ; കൂടുതല്‍ സ്റ്റേഷനുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുമോ ; | : (സി) 112 പോലീസ് സ്റ്റേഷനുകളില്‍ നിലവിലുള്ള പാറാവ് സമ്പ്രദായം നിര്‍ത്തലാക്കി സ്റ്റേഷന്‍ സെക്യൂരിറ്റി ഓഫീസര്‍ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) കേസന്വേഷണം ശാസ്ത്രീയമാക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ? | : (ഡി) ശാസ്ത്രീയ കുറ്റാന്വേഷണരീതി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂര്‍, തൃശ്ശൂര്‍ എന്നിവിടങ്ങളില്‍ ഓരോ റീജിയണല്‍ ഫോറന്‍സിക് ലാബോറട്ടറി തുടങ്ങിയിട്ടുണ്ട്. അതുപോലെ ഡി.എന്‍.എ., ഫിംഗര്‍ പ്രിന്റിംഗ് ഫെസിലിറ്റി, നുണ പരിശോധനയ്ക്കുള്ള യന്ത്രം എന്നിവ ഏര്‍പ്പെടുത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 207

29.6.2007-ൽ മറുപടിയ്ക്ക്

കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.ശക്തൻ<br>ശ്രീ. കെ. സുധാകരൻ<br>ശ്രീ. കെ.ബാബു | ശ്രീ മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് സർക്കാരോ സർക്കാർ ഏജൻസികളോ സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) താങ്ങുവില പദ്ധതി പ്രകാരം ഇപ്പോൾ കൊപ്രയും നെല്ലും സംസ്ഥാനത്ത് സംഭരിക്കുന്നുണ്ട്. |
| (ബി) ഇങ്ങനെ സംഭരിക്കുന്ന ഉല്പന്നങ്ങൾ എന്തു ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) താങ്ങുവില പദ്ധതി പ്രകാരം സംഭരിക്കുന്ന കൊപ്ര ആട്ടി എണ്ണയാക്കിയോ, കൊപ്രയായോ തന്നെ വിപണിയിൽ എത്തിക്കുന്നു. സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകളിൽ സംസ്കരിച്ച് അരിയാക്കി പൊതു വിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്നു. |
| (സി) ഇപ്പോൾ സംഭരിക്കാത്ത കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും | (സി) കേന്ദ്ര സർക്കാർ 27 ഇനം കാർഷികോല്പന്നങ്ങൾക്ക് മാത്രമാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത് ഇതിൽ കൊപ്രയും |

| | |
|---|---|
| വിപണനം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ; | നെല്ലും മാത്രമാണ് കേരളത്തിലെ കാർഷികോല്പന്നങ്ങൾ. സംസ്ഥാനത്തെ മറ്റ് കാർഷികോല്പന്നങ്ങൾക്കുകൂടി താങ്ങുവില നിശ്ചയിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇപ്രകാരം ചെയ്യുന്നത് കാർഷികോല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവിനും കർഷകന്റെ പുരോഗതിക്കും സഹായകരമാകുമെന്ന് കരുതുന്നുണ്ടോ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**പന്ത്രണ്ടാം കേരള നിയമസഭ**

**5-ാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 208

29.6.2007 - ൽ മറുപടിക്ക്

## " ഹവാല പണമിടപാടുകൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. തോമസ് ചാഴികാടൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) കേരളത്തിൽ വ്യാജ ബാങ്ക് അക്കൗണ്ട് വഴി ലക്ഷങ്ങളുടെ ഹവാല പണമിടപാടുകൾ നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുവരെ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഹവാല പണമിടപാടുകളുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) ഉണ്ട്. ക്രൈം നമ്പർ 474 / CR/SIGIII/ 2004 നമ്പർ കേസ്സിൽ പ്രതിയായ അബ്ദുൾ കരീം, ഷംസുദ്ദീൻ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസ്സിൽ 2 പേരെ കൂടി അറസ്റ്റ് ചെയ്യുവാനുണ്ട്. ക്രൈം 313/ CR/PKD/2003 നമ്പർ കേസ്സിൽ 11 പ്രതികളുണ്ട്. ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. |

| | |
|---|---|
| (സി) ഇപ്രകാരം എത്തുന്ന ഹവാലപ്പണം ഏത് മേഖലയിൽ ചെലവഴിക്കപ്പെടുന്നുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ; | (സി) വിദേശ മലയാളികളുടെ കുടുംബങ്ങളിലേയ്ക്ക് വിദേശ മലയാളി അയയ്ക്കുന്ന പണം ഹവാല മാർഗ്ഗം വഴി അയയ്ക്കുന്ന രീതിയാണ് ഇവിടെ കൂടുതലായി കണ്ടുവരുന്നത്. ഈ പണം വിവിധ ഗാർഹിക കുടുംബാവശ്യങ്ങൾക്കായി ചെലവഴിക്കുന്നതായാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. |
| (ഡി) ആശങ്കാജനകമായ തരത്തിൽ കേരളത്തിൽ വ്യാപരിക്കുന്ന ഹവാല ഇടപാടുകളും മറ്റും ഫലപ്രദമായി തടയുന്നതിനും കണ്ടെത്തുന്നതിനും വൈദഗ്ധ്യമുള്ള പ്രത്യേക പോലീസ് വിഭാഗത്തെ ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആണ് ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത്. ആയതിനാൽ ഇതിനുവേണ്ടി പ്രത്യേക പോലീസ് വിഭാഗത്തെ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** | **29.06.2007 -ൽ മറുപടിയ്ക്ക്**

## തോട്ടവിളകളുടെയും നാണ്യവിളകളുടെയും ഉല്പാദനക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുരളി<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തോട്ടവിളകളുടെയും നാണ്യവിളകളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ഉണ്ട്. സംസ്ഥാനത്ത് നാളികേര വികസനത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ വർഷം നാളികേര വികസനത്തിന് 1120 ലക്ഷം രൂപയുടെ കേരശ്രീ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. നാളികേര ഉല്പാദന വർദ്ധനവിനായി 905 ലക്ഷം രൂപയും ഗുണമേന്മയുള്ള തെങ്ങിൻ തൈ വിതരണത്തിനായി 150 ലക്ഷം രൂപയും നീരയുടെ പ്രോത്സാഹനത്തിനായി 10 ലക്ഷം രൂപയും അന്താരാഷ്ട്ര സെമിനാറിനായി 30 ലക്ഷം രൂപയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ കൃഷി ചെയ്യുന്ന നാളികേരം ഒഴികെയുള്ള നാണ്യവിളകളുടെയും തോട്ടവിളകളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2005-06, 2006-07 വർഷങ്ങളിലായി കുരുമുളക്, കശുമാവ്, കൊക്കോ എന്നീ വിളകൾക്കായി മൊത്തം 3943.75 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് തോട്ടവിളകളുടെയും നാണ്യ |

വിളകളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടീൽ വസ്തുക്കളുടെ ഉല്പാദനം, പുതിയ കൃഷിത്തോട്ടങ്ങൾ, കശുമാവ് തോട്ടങ്ങളുടെ പുനരുദ്ധാരണം, സംയോജിത രോഗ-കീട നിയന്ത്രണം, ജൈവകൃഷി തുടങ്ങിയ പ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ബി) പ്രസ്തുത വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങൾ നല്കും എന്ന് വ്യക്തമാക്കുമോ?

ബി) നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 648.80 ലക്ഷം രൂപയുടെ കേന്ദ്ര സഹായ പദ്ധതിക്ക് നാളികേര വികസന ബോർഡ് അംഗീകാരം നല്കിയിട്ടുണ്ട്. ഇതിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 81.25 ലക്ഷം രൂപയും പ്രദർശനത്തോട്ടങ്ങൾക്കായി 522.55 ലക്ഷം രൂപയും ജൈവവള യൂണിറ്റുകൾക്കായി 20 ലക്ഷം രൂപയും രോഗം വന്നതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനായി 25 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

നാളികേരം ഒഴികെയുള്ള നാണ്യവിളകളുടെയും തോട്ടവിളകളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 2005-06, 2006-07 വർഷങ്ങളിലായി കുരുമുളക്, കശുമാവ്, കൊക്കോ എന്നീ വിളകൾക്കായി മൊത്തം 3943.75 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 210 | 29.06.2007 ൽ മറുപടിയ്ക്ക്

### എക്സൈസ് വകുപ്പ് നവീകരിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. സി.എം.ദിനേശ്മണി:
ശ്രീ. എം.ചന്ദ്രൻ:
ശ്രീ. ബാബു, എം.പാലിശ്ശേരി:
ശ്രീ. പി. ജയരാജൻ:
ശ്രീമതി. കെ.എസ്.സലീഖ:

**ഉത്തരം**

ശ്രീ. പി.കെ.ഗുരുദാസൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) എക്സൈസ് വകുപ്പ് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

എ) എക്സൈസ് വകുപ്പ് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പിലെ വിവിധതലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.എം.ജി. പരിശീലനം നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും In-service Training നൽകുന്നതിനും പുതിയതായി വകുപ്പിലേക്ക് നിയമിക്കപ്പെടുന്നവർക്ക് പരിശീലനം നൽകുന്നതിനുമായി തൃശ്ശൂരിൽ എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്റർ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു. വകുപ്പിന്റെ നവീകരണത്തിനും ശക്തിപ്പെടുത്തലിനുമായി പുതിയതായി 11 റെയ്ഞ്ചുകൾ ആരംഭിച്ച് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ സുഗമമായ പ്രവർത്തനത്തിനായി മേജർ ചെക്ക് പോസ്റ്റുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. പുതിയ റെയ്ഞ്ചുകൾക്കു പുറമെ 3 ബോർഡർ പെട്രോളിംഗ് യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. പുതിയ ഓഫീസുകൾക്കും വാഹന ഉപയോഗയോഗ്യമല്ലാത്ത ഓഫീസുകൾക്കുമായി 20 ജീപ്പുകൾ നൽകിയിട്ടുണ്ട്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ ലഭ്യമാക്കി പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സൈസ്

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടർമാർക്കും എക്സൈസ് ഇൻസ്പെക്ടർമാർക്കും റിവോൾവർ പരിശീലനം നടത്തി വരുന്നു. വകുപ്പിലേക്ക് പ്രത്യേകമായി എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ആരംഭിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണുകൾ നൽകിയിട്ടുണ്ട്. രാത്രികാല പെട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനായി 398 ഫ്ലൂറസെന്റ് ജാക്കറ്റുകൾ വാങ്ങി നൽകിയിട്ടുണ്ട്. തെരഞ്ഞെടുത്ത 5 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട്, കാസർഗോഡ്) 1-1 വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ബി) | ഇതിന്റെ ഫലമായി അബ്കാരി കുറ്റ കൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | പുരോഗതി വിലയിരുത്തി വരുന്നു. |
| സി) | വ്യാജമദ്യത്തെക്കുറിച്ച് വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | സി) | ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് (പി.) നം.37/07/നി.വ. തീയതി 05-03-07 പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| ഡി) | ഇതിന്റെ ഫലമായി എത്ര വ്യാജമദ്യവേട്ട നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ? | ഡി) | വിവിധജില്ലകളിലെ കണക്കുകൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

(3) Excise officers who effected the seizure includes any Excise Officer who though not present at the scene of occurrence of the crime or arrest of accused but has actually engaged in collecting credible intelligence that lead to the seizure.

(c) Provided further that notwithstanding anything contained in such rule (ii) above, if the contraband liquor seized is potable spirit, it shall be lawful to grant a reward not exceeding the amount mentioned below to any informant or source other than a Government official who formally gave credible intelligence that lead to the seizure.

| *No.* | *Quantity of Spirit seized* | *Maximum Reward amount* |
|---|---|---|
| 1. | Spirit measuring 10,000 litres and above | Rs. 25000 (Rupees twenty five thousand only) |
| 2. | Spirit measuring above 5000 litres but below 10,000 litres | Rs. 15000 (Rupees fifteen thousand only) |
| 3. | Spirit measuring above 1000 litres but below 5000 litres | Rs. 10000 (Rupees ten thousand only) |
| 4. | Spirit measuring above 100 litres but below 1000 litres | Rs. 5000 (Rupees five thousand only) |

(d) for sub-rule (iii), the following sub-rule shall be substituted, namely:—

As a general rule, the reward amount due for Excise Officers under sub-rule (ii) (b) shall be equally divided amongst the Excise Officers who effected the seizure. However, it shall be lawful for the Excise Commissioner to re-fix any rate of proportion and give a major share to any officer or officers whose contribution in detection in his opinion is exceptionally higher".

(3) For rule 4, the following rule shall be substituted:

(i) The Commissioner of Excise shall be competent to grant rewards in each case up to Rupees one lakh. In all cases where the reward proposed and expenditure to be incurred exceeds Rs.1 lakh, previous sanction of Government shall be obtained.

(ii) In case where the reward proposed and expenditure to be incurred is less than Rs. 25,000, Additional Excise Commissioner may grant the same.

GOVERNMENT OF KERALA

**Abstract**

EXCISE—THE KERALA ABKARI (GRANT OF REWARDS) RULES, 1975—AMENDMENTS—ORDERS ISSUED

TAXES (G) DEPARTMENT

**G. O. (P) No. 37/07/TD. Dated, Thiruvananthapuram, 5th March 2007.**

*Read:*—1. G. O. (P) No. 58/83/TD dated 12-9-1983.

2. G. O. (P) No. 119/86/TD dated 11-9-1986.

3 Letter No. XA3-22570/06 dated 29-9-1998 from the Excise Commissioner.

ORDER

The Commissioner of Excise submitted a proposal for amending the Kerala Abkari (Grant of Rewards) Rules, 1975 vide letter read 3rd above. Government have examined the matter in details and order to make following amendments to the Kerala Abkari (Grant of Rewards) Rules, 1975.

(1) In rule 2,—

(a) in sub-rule (i) (a), after the words 'Abkari cases', the words "and M & TP cases" shall be inserted.

(b) in sub-rule (i) (b), the words 'Dangerous Drugs Act' shall be omitted.

(c) for sub-rule (i) (C), the following sub-rule shall be substituted, namely:—

GCPT.3/969/2007/DTP.

"Private persons who act as informants or sources or play a significant role in detection of important Abkari or M & TP cases or in the arrest of notorious criminal gangs".

(d) for sub-rule (ii), the following sub-rule shall be substituted, namely:—

"The following types of cases shall be deemed as cases deserving grant of rewards:

(a) "All cases in which motor vehicles are seized while transporting illicit liquor or other contrabands liable for confiscation under the Laws relating to Excise Revenue provided the quantity of contrabands seized is not less than that specified in this Rules".

(b) Cases involving not less that 100 litres of Spirit, Arrack or Foreign Liquor or 500 litres of Toddy or Spirituous Preparation or 5000 litres of Wash.

(c) Cases in which the accused person is sentenced by Court of Law to maximum fine and imprisonment prescribed for the offence.

(d) Other cases of exceptional merit as per the recommendation of the superior officers:

Provided that any case in which accused has escaped arrest or is not known will not be treated as a deserving case. Provided further that this proviso will not be applicable for the grant of reward to informants specified in rule 3 (c). Provided further that the reward mentioned in (c) above shall be eligible only to the officer or officers who investigated the case".

(2) In rule 3—

(a) for sub-rule (i), the following sub-rule shall be substituted, namely:—

"The rewards shall be granted in the form of:

(a) Cash or

(b) Good Service Entry or

(c) Letter of Appreciation.

Provided that only persons in Government Service shall be eligible for Good Service Entry or Letter of Appreciation".



(b) for sub-rule (ii) of rule 3, the following sub-rule shall be substituted, namely:—

(a) "The amount of cash reward that may be granted shall not exceed the following amount, in each case:

| *No.* | *Category* | *Maximum amount* |
|---|---|---|
| 1. | Circle Inspector of Excise or Officers of equivalent category in other Departments | Rs.1000 (Rupees one thousand only) |
| 2. | Excise Inspectors/Asst. Excise Inspectors or Officers of equivalent categories in other Departments | Rs.750 (Rupees seven hundred and fifty only) |
| 3. | Excise Preventive Officers or Officers of equivalent categories in other Departments. | Rs. 500 (Rupees five hundred only) |
| 4. | Excise Guards and Drivers and officers of equivalent categories in other Department. | Rs.300 (Rupees three hundred only) |

(b) Provided that notwithstanding anything contained in the above sub- rule, if the contraband liquor seized is potable spirit, it shall be lawful to grant a reward not exceeding 25% of the value of such Spirit to the Excise Officers who effected the seizure. If such Spirit is seized from any vehicle, the Excise Officers are eligible for an additional reward of 25% of the market value of the said vehicle, also.

*Explanation*.— (1) Value of Spirit for the above purpose means the price in force at which confiscated Spirit is purchased by Travancore Distilleries Limited, Thiruvalla or any other authorized purchaser in the State.

(2) Market value of the vehicle for the above purpose means the market value fixed by the Mechanical Engineer of Excise Department or any Mechanical Engineer of and above the rank of an Assistant Executive Engineer of the Public Works Department of the State or any other officer authorized by Government for fixing the sale value of vehicles after final disposal of the case.

(iii) The Additional Commissioner of Excise may also sanction at his discretion an expenditure not exceeding Rupees one thousand in each case for the employment of informers or sources for intelligence collection or for any other purpose connected with the prevention or detection of any offence against the Laws relating to Excise Revenue.

(4) In rule 5, sub-rule (i) may be omitted and sub-rule (ii) re-numbered as (i) and substituted therein.

(5) In rule 8, the last sentence shall be omitted.

By order of the Governor,

P. Mara Pandiyan,
*Secretary to Government.*

To

The Excise Commissioner, Thiruvananthapuram.

All Assistant Excise Commissioners.

All District Collectors.

Public Relations Department.

S.F./O.C.

*Copy to:* General Administration (SC) Department (Vide item No. 826 dated 28-2-2007).

P. S. to Minister (Labour & Excise).

P. A. to Secretary (Taxes).